ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

**dtekerala@gmail.com**

**0471 2561307**

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - പൊതു സ്ഥലംമാറ്റം **2026** - ട്രേഡ്സ്മാൻ (ടർണിംഗ്) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലംമാറ്റം '-സ്പാർക്ക്' **(SPARK)** നിർമ്മിത അന്തിമ പട്ടിക പ്രസിദ്ധീകരിച്ചത് - ഭേദഗതി ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം ( ബി) വിഭാഗം

നം. **DTETVM/4922/2026-EB3 (EB)** തിരുവനന്തപുരം, തീയതി: **19-09-2026**

---

വായന:- **1.** **07.09.2026** -ലെ ഇതേ നമ്പർ ഉത്തരവ്.

**2. 15/09/2026**-ലെ നെയ്യാറ്റിങ്കര, സർക്കാർ പോളിടെക്നിക് കോളേജിൽ നിന്നുള്ള **GPCNTA/128/2026-E1** നമ്പർ കത്ത്

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം, **2026** പൊതു സ്ഥലംമാറ്റത്തിൻറെ ഭാഗമായി, ഈ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ട്രേഡ്സ്മാൻ (ടർണിംഗ്) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിന് "സ്പാർക്ക്" നിർമ്മിത അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൽ നെയ്യാറ്റിൻകര, ഗവ. പോളിടെക്നിക്ക് കോളേജിൽ ജോലി ചെയ്തു വന്നിരുന്ന ട്രേഡ്സ്മാൻ (ടർണിംഗ്), ശ്രീ. ശ്രീകുമാർ എസ് -ന് **(PEN-987616)** ആറ്റിങ്ങൽ ഗവ. പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ ടിയാളുടെ കേൾവി സംബന്ധമായ ഗുരുതര രോഗാവസ്ഥയും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത് ഏറ്റവും അടുത്ത സ്ഥാപനമായ നെടുമങ്ങാട്, ഗവ. ടെക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥാപനമാറ്റം ആവശ്യപ്പെട്ട് വായന **(2)** പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വായന **(1)**-ലെ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു:

**1)** നെടുമങ്ങാട് ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ ജോലി ചെയ്യുന്ന ശ്രീ. അക്ഷയ്

ആർ പി (PEN:1018196)-യെ ആറ്റിങ്ങൽ, ഗവ. പോളിടെക്നിക്ക് കോളേജിലെ തുറന്ന ഒഴിവിലേക്ക് സ്ഥലംമാറ്റം നല്കി നിയമിക്കുന്നു.

2) ശ്രീ. ശ്രീകുമാർ എസ് (PEN-987616), ട്രേഡ്സ്മാൻ (ടർണിംഗ്)-ന് വായന (1) ഉത്തരവിലെ ക്രമ നം. 1 പ്രകാരം നൽകിയ സ്ഥലംമാറ്റം റദ്ദ് ചെയ്ത്, ടിയാനെ നെടുമങ്ങാട് ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ മാറ്റി നിയമിക്കുന്നു.

3) കോഴിക്കോട്, പയ്യോളി ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ ജോലി ചെയ്യുന്ന ശ്രീ. വിപിൻ എം (PEN-1027825)-നെ നെയ്യാറ്റിൻകര, ഗവ. പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലമാറ്റം നല്കി നിയമിക്കുന്നു.

മേൽ ഭേദഗതിയോടെ വായന ഉത്തരവ് നിലനിൽക്കുന്നതായിയിരിക്കും.

സ്ഥാപന മേധാവികൾ സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരെ ഈ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരും കാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Digitally signed by
Savier J S
Date: 19-09-2026
17:11:51

DR.SAVIER J S
DIRECTOR (SPFU)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി